**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2788** **24-02-2026 - ൽ മറുപടിയ്ക്ക്**

**തടി ലേലം മൂലം വനവാസി സമൂഹങ്ങൾക്ക് ദോഷം സംഭവിക്കാതിരിക്കാൻ മുൻകരുതലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തടി ലേലത്തിന്റെ ഭാഗമായി വനവാസി സമൂഹങ്ങളുടെ ജീവനോപാധികൾക്ക് ദോഷം സംഭവിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കാമോ? | (എ) | സ്വാഭാവിക വനങ്ങളിൽ നിന്നും മരം മുറിക്കുന്നതും ലേലം ചെയ്യുന്നതും അനുവദനീയമല്ല. അംഗീകൃത വർക്കിംഗ് പ്ലാനിൽ നിഷ്കർഷിച്ച പ്രകാരം കാലാവധി പൂർത്തിയാക്കിയ പ്ലാന്റേഷനുകളിലെ മരങ്ങൾ മുറിച്ചുള്ള തടികളാണ് വനം വകുപ്പിൽ ലേലം ചെയ്ത് വിൽക്കുന്നത്. ആയതിനാൽ തന്നെ വനത്തെ ആശ്രയിച്ച് ജീവിക്കുന്ന സമൂഹങ്ങളുടെ ജീവനോപാധികൾക്ക് യാതൊരു ദോഷവും തടി ലേലത്തിന്റെ ഭാഗമായി സംഭവിക്കുന്നില്ല. കൂടാതെ വന സംരക്ഷണ പ്രവർത്തനങ്ങൾക്കും തടി ലേലവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും ടി വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് പരമാവധി ജോലി നൽകുവാനും ആയത് വഴി അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ തടി വെട്ടിമാറ്റുന്ന ജോലികളിലും, വെട്ടിമാറ്റിയ സ്ഥലങ്ങളിൽ പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്ന ജോലികളിലൂടെയും കൂടുതൽ തൊഴിലവസരങ്ങളും ജീവനോപാധിയും വനവാസികൾക്ക് ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ